## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.354** **04/06/2018-ൽ മറുപടിയ്ക്ക്**

### തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തപരിശോധന

**ചോദ്യം**
**ശ്രീ.വി.കെ.ഇബ്രാഹീം കുഞ്ഞ്**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എ.സി.ആർ ലാബിൽ നടത്തിയ രക്തപരിശോധനയിൽ വീഴ്ച സംഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഗുണനിലവാരമുള്ള പരിശോധനാ ഫലങ്ങൾ ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ കീഴിലുള്ള ഏ.സി.ആർ.ലാബുകളിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശോധനാ രീതികളാണ് നിലവിലുള്ളത്. യു.എസ്.എ., ഇറ്റലി, ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിർമ്മിച്ച അനലൈസറുകൾ ഉപയോഗിച്ചാണ് വിവിധങ്ങളായ ടെസ്റ്റുകൾ നടത്തിവരുന്നത്. പ്രസ്തുത ലാബുകൾക്ക് 14/02/2018 മുതൽ 13/02/2020 വരെ NABH അംഗീകാരം ലഭ്യമായിട്ടുമുണ്ട്. പരിശോധനാ ഫലങ്ങളിൽ വീഴ്ച സംഭവിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ